# പതിനഞ്ചാം കേരള നിയമസഭ
## ബുള്ളറ്റിൻ ഭാഗം - II

2024 ജനുവരി 4

നമ്പർ : 453

**<u>എസ്റ്റിമേറ്റ്സ് കമ്മിറ്റി, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റി എന്നിവയിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ്</u>**

മേൽ സൂചിപ്പിച്ചിട്ടുള്ള രണ്ട് ധനകാര്യ കമ്മിറ്റികളിൽ നിലവിലുള്ള ഓരോ ഒഴിവുകളിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനും, അവയുടെ സൂക്ഷ്മപരിശോധനയ്ക്കും, പത്രിക പിൻവലിക്കുന്നതിനും, തെരഞ്ഞെടുപ്പിനും ഉള്ള തീയതിയും സമയവും താഴെപ്പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു.

| | |
|---|---|
| സെക്രട്ടറി മുൻപാകെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയും സമയവും | 2024 ജനുവരി 8 തിങ്കൾ, ഉച്ചയ്ക്ക് ശേഷം 03.00 മണി വരെ. |
| നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന | 2024 ജനുവരി 9 ചൊവ്വ, ഉച്ചയ്ക്ക് ശേഷം 03.00 മണിയ്ക്ക്. |
| നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതിയും സമയവും | 2024 ജനുവരി 10 ബുധൻ, ഉച്ചയ്ക്ക് ശേഷം 03.00 മണി വരെ. |
| ആവശ്യമായി വരികയാണെങ്കിൽ വോട്ടെടുപ്പ് നടത്തുന്ന തീയതിയും സമയവും | 2024 ജനുവരി 11 വ്യാഴം, രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് ശേഷം 03.00 - മണി വരെ. |

വോട്ടെടുപ്പ് ആവശ്യമായി വരികയാണെങ്കിൽ നിയമസഭാ മന്ദിരത്തിലുള്ള മെമ്പേഴ്സ് ലോഞ്ചിൽ വച്ച് ആനുപാതിക പ്രാതിനിധ്യ തത്വമനുസരിച്ച് കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ട് മുഖേന വോട്ടെടുപ്പ് നടത്തുന്നതാണ്.

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്.